# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release

*Ref: 896/KCBC/K-6/KPR/DS* 27.05.2023

## കുര്‍ബാനയോടുള്ള ഭക്തി വിശ്വാസത്തില്‍ ആഴപ്പെടാന്‍ നമ്മെ സഹായിക്കും: ബിഷപ് സാമുവേല്‍ മാര്‍ ഐറേനിയോസ്

കൊച്ചി: കുരിശില്‍ സ്വയംബലിയായി അര്‍പ്പിച്ച യേശുവിനെ അനുദിനം ആഴത്തില്‍ അനുഭവവേദ്യമാക്കിത്തരുന്ന ഒന്നാണ് പരിശുദ്ധ കുര്‍ബാന. മനുഷ്യവംശത്തിനു മുഴുവന്‍ ജീവനുണ്ടാകുന്നതിനുവേണ്ടി അന്ത്യഅത്താഴവേളയില്‍ തന്റെ ശരീരവും രക്തവും പകുത്തു നല്കിക്കൊണ്ട് മനുഷ്യരോടുള്ള തന്റെ അതിരറ്റ സ്നേഹം വെളിപ്പെടുത്തിയ ഈശോയുടെ സജീവ സാന്നിധ്യമാണ് നാം കുര്‍ബാനയില്‍ അനുഭവിക്കുന്നത്. പരിശുദ്ധ കുര്‍ബാനയോടുള്ള ഭക്തി നമ്മെ വിശ്വാസജീവിതത്തില്‍ ആഴപ്പെടാന്‍ സഹായിക്കുന്നു എന്ന് ബിഷപ് മാര്‍ ഐറേനിയോസ് പ്രസ്താവിച്ചു. കോട്ടയം വിമലഗിരി പാസ്റ്ററല്‍ സെന്ററില്‍ ദിവ്യകാരുണ്യകോണ്‍ഗ്രസിനു ഒരുക്കമായിട്ടുള്ള റിസോഴ്സ് ടീം പരിശീലന കളരി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി അധ്യക്ഷത വഹിച്ചു. ഫാ. ക്ലീറ്റസ് കതിര്‍പറമ്പില്‍, ഫാ. സെബാസ്റ്റ്യന്‍ പൂവത്തിങ്കല്‍, ഫാ. സ്റ്റാന്‍ലി മാതിരപ്പിള്ളി എന്നിവര്‍ പ്രസംഗിച്ചു. പരിശുദ്ധ കുര്‍ബാനയെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങളാണ് മൂന്നു ദിവസത്തെ പരിശീലന കളരിയില്‍ പഠനവിധേയമാക്കിയത്.

കേരളകത്തോലിക്കാ മെത്രാന്‍സമിതിയുടെ തീരുമാനപ്രകാരം 2023 ഡിസംബര്‍ 1,2,3 തീയതികളിലായി വല്ലാര്‍പാടം മരിയന്‍ തീര്‍ഥാനടകേന്ദ്രത്തില്‍ വച്ച് കേരള കത്തോലിക്കാസഭയുടെ പ്രഥമ ദിവ്യകാരുണ്യ കോണ്‍ഗ്രസ് നടത്തപ്പെടുന്നതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടര്‍, പി.ഒ.സി.

ഫോട്ടോമാറ്റര്‍: കോട്ടയം വിമലഗിരി പാസ്റ്ററല്‍ സെന്ററില്‍ ദിവ്യകാരുണ്യകോണ്‍ഗ്രസിനു ഒരുക്കമായിട്ടുള്ള റിസോഴ്സ് ടീം പരിശീലന കളരി ബിഷപ് സാമുവേല്‍ മാര്‍ ഐറേനിയോസ്ഉദ്ഘാടനം ചെയ്യുകയായിരുന്നു. മോണ്‍. ഐസക് പറപ്പിള്ളില്‍, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ഫാ. സെബാസ്റ്റ്യന്‍ പൂവത്തിങ്കല്‍ എന്നിവര്‍ സമീപം.


PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com



**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./